## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4462** **26/06/2014-ൽ മറുപടിയ്ക്ക്**

### പുനലൂർ-മുവാറ്റുപുഴ സംസ്ഥാന പാതയ്ക്ക് ഭൂമി ഏറ്റെടുക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) പുനലൂർ-മുവാറ്റുപുഴ സംസ്ഥാന പാതയുടെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകാനുണ്ടോ; ഏതൊക്കെ വില്ലേജുകളിലെ എത്ര ഭൂമിയാണ് ഇനിയും ഏറ്റെടുക്കാൻ അവശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. പുനലൂർ-മുവാറ്റുപുഴ റോഡിൽ പുനലൂർ-പൊൻകുന്നം, പൊൻകുന്നം-തൊടുപുഴ എന്നീ രണ്ട് റീച്ചുകളിലായാണ് കെ. എസ്. ടി. പി. പ്രവൃത്തി ഏറ്റെടുക്കാൻ നിശ്ചയിച്ചിട്ടുള്ളത്. തൊടുപുഴ-മുവാറ്റുപുഴ റോഡ് കെ. എസ്. ടി. പി. ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കി പൊൻകുന്നം-തൊടുപുഴ റീച്ചിൽ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായി. പ്രവൃത്തിയുടെ കരാർ ഉടമ്പടി 05-05-2014-ന് ഒപ്പ് വച്ച് പ്രാരംഭ പ്രവർത്തനം തുടങ്ങി കഴിഞ്ഞു.<br><br>ഇതിൽ പുനലൂർ-പൊൻകുന്നം സംസ്ഥാന പാതയുടെ നിർമ്മാണത്തിനായി 98% ഭൂമി ഇതിനകം ഏറ്റെടുത്തുകഴിഞ്ഞു. ഇനിയും ഏറ്റെടുക്കാൻ അവശേഷിക്കുന്ന സ്ഥല വിവരം വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | വില്ലേജ് | വസ്തുക്കളുടെ എണ്ണം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| 1 | പത്തനാപുരം | 4 | 0.0073 |
| 2 | കലഞ്ഞൂർ | 5 | 0.0147 |
| 3 | കൂടൽ | 4 | 0.0323 |
| 4 | വി.കോട്ടയം | 1 | 0.0003 |
| 5 | അരുവാപ്പുലം | 1 | 0.0005 |
| 6 | കോന്നി | 5 | 0.0123 |
| 7 | മൈലപ്ര | 15 | 0.0596 |
| 8 | റാന്നി | 11 | 0.0545 |
| 9 | പഴവങ്ങാടി | 3 | 0.1440 |
| 10 | ചേത്തക്കൽ | 17 | 0.0842 |
| | ആകെ | 66 | 0.4097 (101.24 സെന്റ്) |

| | |
|---|---|
| | പുനലൂർ-മൂവാറ്റുപുഴ പാതയുടെ വികസനവുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിൽ 2 കേസുകളിലായി 2.36 ആർ ഭൂമിയുടെ അവാർഡ് പാസ്സാക്കിയെങ്കിലും ഹൈക്കോടതി നിർദ്ദേശത്തെ തുടർന്ന് ഏറ്റെടുത്ത് കൈമാറാൻ സാധിച്ചിട്ടില്ലാത്തതാണ്. പുനലൂർ-മൂവാറ്റുപുഴ പാതയുടെ ഭാഗമായി തന്നെ വികസിപ്പിക്കുന്ന പാലാ ബൈപ്പാസിനുവേണ്ടി വരുന്ന 2.77 ആർ ഭൂമിയുടെ പൊന്നുംവില നടപടികൾ നടന്നുവരികയാണ്. ആയതിന്റെ വില നിശ്ചയിച്ച് ഡി. എൽ. പി. സി. കൂടുന്ന ഘട്ടമെത്തിയപ്പോൾ 2013 എൽ.എ. ആർ.ആർ. നിലവിൽ വന്നതിനാൽ ടി ആക്ട് പ്രകാരം പുതുതായി നഷ്ടപരിഹാരം നിശ്ചയിച്ച് നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. |
| (ബി) മറ്റു വില്ലേജുകളിലെല്ലാം ഈ നടപടി പൂർത്തിയാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും ടി വില്ലേജുകളിൽ ഭൂമി ഏറ്റെടുക്കൽ നടപടി അനിശ്ചിതമായി നീണ്ടുപോകാൻ ഇടയാക്കിയത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ ; | (ബി) കാലതാമസത്തിനു കാരണം മേൽ സൂചിപ്പിച്ച വസ്തുക്കളുടെ സർവ്വെ നമ്പർ മുമ്പ് നടത്തിയ പൊന്നുംവില നടപടികളിൽ നിന്നും വിട്ടുപോയതും, ചില വില്ലേജുകളിൽ സർവ്വെ റിക്കാർഡുകൾ, റീ-സർവ്വെ റിക്കാർഡുകൾ എന്നിവ ലഭ്യമല്ലാത്തതുമൂലമാണ്. പിന്നീട് സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ച് അവാസന ഘട്ടങ്ങളിൽ എത്തിയെങ്കിലും 01-01-2014-ൽ നിവലിൽ വന്ന പുതിയ ആക്ട് പ്രകാരം സ്ഥലമെടുപ്പ് നടപടികൾ ആദ്യ ഘട്ടം മുതൽ പുനരാരംഭിക്കേണ്ടതുണ്ട്.<br><br>പൊന്നും വിലയ്ക്കെടുക്കുന്ന വസ്തുവിന്റെ ഇനം സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ മൈലപ്ര വില്ലേജിലെ പൊന്നുംവില നടപടികൾക്ക് താമസം വന്നിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (സി) | സ്ഥലമേറ്റെടുക്കൽ നടപടികൾ വൈകുതുമൂലം പൊതുമരാമത്ത് വകുപ്പ് ഈ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ അനിശ്ചിതമായി മാറ്റിവെയ്ക്കുകയാണ് എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (സി) | ഉണ്ട്. മുഴുവൻ സ്ഥലം ഏറ്റെടുത്ത് കഴിഞ്ഞാൽ മാത്രമേ പി. പി. പി. വ്യവസ്ഥയിൽ റോഡ് വികസനത്തിനുള്ള നടപടികൾ കൈകൊള്ളാൻ കഴിയൂ. പി. പി. പി. വ്യവസ്ഥയിൽ നിർമ്മാണം നടത്തുന്നതിനുള്ള Transactional Advisory Service-നെ തെരഞ്ഞെടുക്കാനുള്ള നടപടി കൈക്കൊണ്ട് വരുന്നു. |
| (ഡി) | ആയതിനാൽ സ്ഥലം ഏറ്റെടുക്കൽ പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ഡി) | കൊച്ചി മെട്രോ പദ്ധതിക്കുവേണ്ടി അനുവദിച്ച ഡയറക്ട് പർച്ചേസ് മെത്തേർഡ് ചില പദ്ധതികൾക്ക് അവലംബിക്കാൻ സാദ്ധ്യമാകുമോ എന്ന് പരിശോധിച്ചു വരുന്നു. മറ്റു സംസ്ഥാനങ്ങൾ അനുവർത്തിക്കുന്ന രീതികള് ഇവിടെ നടപ്പിലാക്കാൻ സാധിക്കുമോ എന്ന് പരിശോധിച്ച് തീരുമാനം കൈക്കൊള്ളും. |

സെക്ഷൻ ഓഫീസർ.